(4) കൊട്ടാരക്കര പോലീസ് സ്റ്റേഷൻ അതിർത്തിയിലെ പി.സി. രാജന്റെ കൊലപാതകം

ശ്രീ. ഏഴുകോൺ നാരായണൻ : സർ, കൊട്ടാരക്കര പോലീസ് സ്റ്റേഷൻ അതിർത്തിയിൽ നേവിയിൽനിന്നും വിരമിച്ച 37 വയസ്സുമാത്രം പ്രായമുള്ള പി.സി. രാജനെ സി.പി.എം. നിലേശ്വരം ബ്രാഞ്ച് കമ്മിറ്റി സെക്രട്ടറി സഖാവ് ഗോപാലകൃഷ്ണൻ കുത്തിക്കൊലപ്പെടുത്തിയ സംഭവമാണ് ഞാനിവിടെ ഉന്നയിക്കുന്നത്. കഴിഞ്ഞ 19-ാം തീയതി ശനിയാഴ്ച വൈകിട്ട് ഏഴര മണിയോടുകൂടി കോൺഗ്രസ്സിന്റെ പ്രവർത്തകനായ പി.സി. രാജനെ സി.പി.എം. ബ്രാഞ്ച് കമ്മിറ്റി സെക്രട്ടറി കുത്തിക്കൊലപ്പെടുത്തുകയുണ്ടായി. 35 വയസ്സ് പ്രായമുള്ള ഭാര്യയും, പതിനൊന്നും നാലും വയസ്സ് പ്രായമുള്ള രണ്ടു പെൺകുട്ടികളുമുള്ള കുടുംബത്തിന്റെ അത്താണിയായിരുന്നു മരിച്ചുപോയ രാജൻ. പ്രതിയായ സി.പി.എം.ന്റെ ബ്രാഞ്ച് കമ്മിറ്റി സെക്രട്ടറി ഗോപാലകൃഷ്ണന്റെ പേരിൽ കേസ്സെടുത്തുവെങ്കിലും ഇന്നലെ രാത്രി 12.30 വരെ പ്രതിയെ അറസ്റ്റുചെയ്തിട്ടില്ല. അതിനുശേഷം അറസ്റ്റുചെയ്തിട്ടുണ്ടോയെന്ന് എനിക്കറിയില്ല. രാജനെ കൊലപ്പെടുത്തിയ കേസ്സിൽ പ്രതിയെ ഉടൻ അറസ്റ്റു ചെയ്യുന്നതിനും മാതൃകാപരമായി ശിക്ഷിക്കുന്നതിനും സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുവാൻ ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കൊല്ലം നെടുവത്തൂർ ചെങ്കല്ലൂർ തറയിൽ വീട്ടിൽ രാജനെ 19.2.2000-ന് രാത്രി കൊട്ടാരക്കര നീലേശ്വരത്തുവച്ച് നെടുവത്തൂർ മനേഷ് ഭവനിൽ ഗോപാലകൃഷ്ണൻ കുത്തിമുറിവേൽപ്പിക്കുകയും ആശുപത്രിയിലേയ്ക്കുള്ള വഴിമദ്ധ്യേ രാജൻ മരണപ്പെടുകയുമുണ്ടായി. ഇതുസംബന്ധിച്ച് കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ ക്രൈം 131/2000 നമ്പരായി ഒരു കേസ്സ് രജിസ്റ്റർ ചെയ്യുകയുമുണ്ടായി. പ്രതിയെ അറസ്റ്റുചെയ്ത് നടപടികൾ ത്വരിതപ്പെടുത്തുവാൻ കൊല്ലം പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(5) മത്സ്യത്തൊഴിലാളി പെൻഷൻ കിട്ടാത്തതു മൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. ആന്റണി രാജു : സർ, കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് 16 മാസത്തെ പെൻഷൻ കുടിശ്ശിക നൽകാനുണ്ട്. ഈ പെൻഷൻ കുടിശ്ശിക നൽകുന്നതിനായി പ്രധാനമായും തുക ഈടാക്കി വരുന്നത് കയറ്റുമതിക്കാരായ മുതലാളിമാരിൽ നിന്നാണ്. അവർ ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കാനുള്ള കോടിക്കണക്കിനു രൂപ ബാക്കി നിൽക്കുകയുമാണ്. കേരളത്തിൽനിന്നുള്ള കയറ്റുമതിക്കാരായ കുത്തക മുതലാളിമാർ കോടിക്കണക്കിന് രൂപയുടെ കുടിശ്ശിക അടച്ചുതീർക്കാനുമുണ്ട്. 16 മാസത്തെ കുടിശ്ശിക നൽകാത്തതുമൂലം പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ ഇന്ന് ഏറെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി 16 മാസത്തെ കുടിശ്ശിക നൽകാനുള്ള അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 21 മാസത്തെ പെൻഷൻ കുടിശ്ശികയായിരുന്നു. അതാതു മാസത്തെ പെൻഷൻ കൊടുത്തു തീർക്കണം. കുടിശ്ശിക പരമാവധി കൊടുത്തു തീർക്കാനുള്ള നടപടികൾ നടന്നുവരികയാണ്. കയറ്റുമതിക്കാർ ക്ഷേമനിധിയിലേയ്ക്കു അടയ്ക്കേണ്ട വിഹിതത്തിൽനിന്ന് യഥാസമയം വിഹിതം പിരിച്ചെടുക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ റിക്കവറി നടപടി ആരംഭിച്ചിട്ടുണ്ട്. അതു നടന്നുവരികയാണ്. കുറെയെല്ലാം അവർ റിക്കവറി നടപടികളെത്തുടർന്ന് അടയ്ക്കുകയുണ്ടായി. കഴിഞ്ഞ ഓണക്കാലത്ത് ആറു മാസത്തെ തുക ഒന്നിച്ച് വിതരണം ചെയ്തിരുന്നു. ഇതിന്റെയൊക്കെ ഫലമായി ഇപ്പോൾ 16 മാസത്തെ പെൻഷൻ മാത്രമാണ് കൊടുത്തുതീർക്കാനുള്ളത്. അതിൽ 4 മാസത്തെ പെൻഷൻ ഉടനെ കൊടുത്തുതീർക്കുന്നതാണ്. ബാക്കി കുടിശ്ശികയും ഉടനെ കൊടുത്തു തീർക്കുന്നതിനുള്ള ശ്രമം നടത്തുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

(6) ഔട്ട് ബോർഡ് എഞ്ചിന്റെ വിൽപ്പനനികുതി വർദ്ധനവും സബ്സിഡി നിർത്തലാക്കിയതും മൂലമുണ്ടായിട്ടുള്ള പ്രശ്നങ്ങൾ

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യദൗർലഭ്യംമൂലം കടുത്ത പട്ടിണിയെ നേരിടുകയാണ്. കേരളത്തിന്റെ തീരപ്രദേശങ്ങളിലും കായൽത്തീരങ്ങളിലും ഒരു ക്ഷാമബാധിതമായ സാഹചര്യമാണ് നിലനിൽക്കുന്നത്. ഈ സന്ദർഭത്തിൽ ആ തൊഴിലാളികളേയും കുടുംബങ്ങളേയും സഹായിക്കേണ്ട സംസ്ഥാന ഗവൺമെന്റ്, അവരെ കൂടുതൽ ദുരിതത്തിലേക്കു തള്ളിവിടാനും അവരുടെ ജീവിതം കുത്തുപാളയെടുപ്പിക്കാനും ഇടയാക്കുന്ന നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. ഈ മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പുകൾ മുഖേന മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് എൻ.സി.ഡി.സി. മുഖേന നൽകുന്ന വായ്പകൾക്ക് ഇരുപത്തിരണ്ടര ശതമാനം സബ്സിഡിയുണ്ടായിരുന്നു. ഇപ്പോൾ ആ സബ്സിഡി നിർത്തലാക്കുന്നതിനെ സംബന്ധച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുപോലെ തന്നെ ഗ്രാമ സംഘങ്ങൾക്ക് ഷെയർ ക്യാപ്പിറ്റൽ സബ്സിഡിയായി പന്ത്രണ്ടര ശതമാനവുമുണ്ടായിരുന്നു. ഇതിപ്പോൾ ഗവൺമെന്റ് നിർത്തലാക്കാൻ പോകുന്നു. കേരളത്തിലെ ഈ മത്സ്യത്തൊഴിലാളികൾക്ക് ഔട്ട് ബോർഡ് എൻജിനും മറ്റും വാങ്ങുന്നതിന് 10 ഹോഴ്സ് പവർ വരെ സെയിൽസ് ടാക്സുണ്ടായിരുന്നില്ല. 10 ഹോഴ്സ് പവറിനു മുകളിൽ പത്തു ശതമാനം സെയിൽസ്ടാക്സുണ്ടായിരുന്നു. എല്ലാ സംഘടനകളും ഈ ഔട്ട് ബോർഡ് എൻജിനുള്ള സെയിൽസ്ടാക്സ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് സമരം നടത്തി വരികയായിരുന്നു. എന്നാൽ ഈ മാസം 1-ാം തീയതി മുതൽ 10 ഹോഴ്സ് പവറിനു പോലും ഒന്നുമില്ലാതിരുന്ന സെയിൽസ്ടാക്സ് 12 ശതമാനമാക്കിക്കൊണ്ടുവന്നു. 10 ഹോഴ്സ് പവറിനു മുകളിൽ 10% ഉണ്ടായിരുന്നത് 12% ആക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇത്രയും ക്രൂരമായി നടപടി ഏറ്റവും പിന്നോക്കം നിൽക്കുന്ന, ഏറ്റവും പട്ടിണിക്കാരായ, ഈ ജനവിഭാഗങ്ങളോട് കാണിക്കാമോ? മണ്ണെണ്ണ പെർമിറ്റിനെ സംബന്ധിച്ച് കഴിഞ്ഞ മാസമൊരു പരിശോധന നടത്തുകയുണ്ടായി. ഇതുവരെയായി ആർക്കും പെർമിറ്റു കൊടുത്തിട്ടില്ല. ഇപ്പോൾത്തന്നെ ഉള്ള പെർമിറ്റുപോലും എത്രമാത്രം വെട്ടിക്കുറയ്ക്കാൻ കഴിയും എന്നതിനെ സംബന്ധിച്ചാണ് സിവിൽ സപ്ലൈസ് ആലോചിക്കുന്നത്. എന്നു മാത്രമല്ല 350 ഉം 250 ഉം ഒക്കെ പെർമിറ്റുണ്ടായിരുന്നവർക്ക് 50 ശതമാനം മണ്ണെണ്ണപോലും ഇപ്പോൾ കൊടുക്കുന്നില്ല. 16 രൂപയ്ക്ക് . മണ്ണെണ്ണ വാങ്ങുന്ന കാര്യം അങ്ങേയ്ക്കറിയാമോ? ഇന്നു കടലിൽ വള്ളമിറക്കാൻ പറ്റുമോ? കടലോരങ്ങളിലും കായലോരങ്ങളിലും പരമ്പരാഗതമായി മത്സ്യബന്ധനം നടത്തി ഉപജീവനം കഴിക്കുന്ന ജനവിഭാഗങ്ങളോട് ഇത്രയും ക്രൂരമായ

LIBRARY ARCHIVES Kerala Legislative Assembly